ഏപ്രിൽ 2026 | വാല്യം 18 | ലക്കം 4

# നിർമ്മലമാതാ വോയ്സ്

ഇടവക ബുള്ളറ്റിൻ




നിർമ്മല മാതാ ചർച്ച്, മൂവാറ്റുപുഴ ഈസ്റ്റ് -686 661. Tel: 2832581
(കോതമംഗലം രൂപത, മൂവാറ്റുപുഴ ഫൊറോന)


(For Private Circulation only)

# അഭി. പിതാക്കൻമാർക്കും വികാരിയച്ചനും തിരുനാൾ ആശംസകൾ...

24.04.2026



**മാർ ജോർജ്
മഠത്തിക്കണ്ടത്തിൽ**



**മാർ ജോർജ്
പുന്നക്കോട്ടിൽ**



**ഫാ. ജോർജ്ജ്
വടക്കേൽ**

# നിർമ്മലമാതാ വോയ്സ്

NIRMALA MATHA VOICE ഇടവക ബുള്ളറ്റിൻ

www.nirmalamathachurch.org
nirmalamathachurch@gmail.com





ഏപ്രിൽ 2026 വാല്യം – 18, ലക്കം – 4



## വികാരി

**റവ. ഫാ. ജോർജ്ജ് വടക്കേൽ**
Ph : 0485 2955604, 9447386002

## കൈക്കാരന്മാർ

**ജെയിംസ് ജോസഫ് വടക്കേൽ** Ph: 9446762595, 9447694762

**ജോൺസൺ വി.എം. വെണ്ടർമ്യാലിൽ** Ph:9387823744

## അൾത്താര ശുശ്രൂഷി

**ജിതിൻ ബേബി പുത്തൻകുടിയിൽ** Ph: 7736509669

## എഡിറ്റോറിയൽ ബോർഡ്

*മാനേജിംഗ് എഡിറ്റർ :*

**റവ. ഫാ. ജോർജ്ജ് വടക്കേൽ**

*ചീഫ് എഡിറ്റർ*

**ജെയിംസ് വടക്കേൽ** Ph: 9446762595, 9447694762, 0485 2962595
email: jamesvadakkel@gmail.com

*എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്*

**എൻ. ജോയി വടക്കേക്കര** Ph: 9495125346

*സബ് എഡിറ്റേഴ്സ്*

**ആന്റണി പുത്തൻപുര പുല്ലൻ** Ph:9447867202

**ജോൺസൺ വെണ്ടർമ്യാലിൽ** Ph:9387823744
**പി.ജെ.തോമസ് പൂനാട്ട്** Ph: 9846468106

**ജോസഫ് പീച്ചാട്ട്** Ph: 9447329181

**ജോർജ്ജ് മെതിപ്പാറ** Ph: 9388497918
**റ്റോമി മാറാമറ്റം** Ph: 8921998492, 9497283513
**സ്റ്റാൻലി പ്ലാക്കീൽ** Ph: 9447578828

## സഹായകസമിതി

*വാർഡ് പ്രസിഡന്റുമാർ:* 1) **ജോർജ് പേമലതുണ്ടത്തിൽ** Ph: 8075990134 2) **ജോസ് കാരികുന്നേൽ** Ph: 9400470540. 3) **വർഗീസ് വാഴയിൽ** Ph: 9447579336, 4) **ജോസ് തലയ്ക്കൽ** Ph: 9447875131. 5) **എബിൻ നെടുഞ്ചാലിൽ** Ph: 9947665997. 6) **പി. ജെ. തോമസ് പൂനാട്ട്** Ph: 9846468106 7) **ജോസഫ് പുത്തനങ്ങാടി** Ph: 9447997749. 8) **ബേബി പുത്തൻകുടിയിൽ** Ph: 8606189901. 9) **ഷാബു അരയത്തിനാൽ** Ph: 8891332995. 10) **വി.വി. ജോസ് വെളിയപ്പിള്ളിൽ** Ph: 9947404670.



നിർമ്മലാംബികേ
ഞങ്ങൾക്കുവേണ്ടി
അപേക്ഷിക്കണമേ

*പേജുകളിലൂടെ...*


**3** വികാരിയച്ചന്റെ സന്ദേശം

**5** വാർഡ് വാർഷികങ്ങൾ

**6** വിശുദ്ധകുരിശിന്റെ അടയാളത്തിൽ

**9** വിശുദ്ധരുടെ പാതയിലൂടെ

**12** ബൈബിൾ ക്വിസ്സ്

**14** വാർഡ് വാർത്തകൾ

**18** ദേവാലയ വായനകൾ


**20** വിശുദ്ധ ഗ്രന്ഥ വായനകൾ


കവർ പേജ് :

***വി. ലെയോ ഒമ്പതാം മാർപാപ്പ***

**രജത ജൂബിലി സുവനീറിലേക്ക് ആശംസകളും പരസ്യങ്ങളും തരാൻ ആഗ്രഹിക്കുന്നവർ 2026 ഏപ്രിൽ മാസം 30നകം തരണമെന്ന് അഭ്യർത്ഥിക്കുന്നു.**

## വികാരിയച്ചന്റെ സന്ദേശം



### ഉയിർപ്പ് – പ്രതീക്ഷയുടെ തിരുനാൾ

എല്ലാ പ്രതീക്ഷകളെയും ഉജ്ജീവിപ്പിക്കുന്ന ഒരു ദിനമാണ് ഉയിർപ്പ് തിരുനാൾ. ഈ തിരുനാൾ ആഘോഷിക്കുമ്പോൾ ആദ്യം മനസ്സിലേക്ക് കടന്നു വരുന്ന ചിന്തയും ഇതാണ്. എല്ലാം അവസാനിച്ചു ഇനിയൊരു പ്രതീക്ഷയും ഇല്ലെന്ന് മനുഷ്യൻ വിശ്വസിക്കുന്നിടത്ത് എല്ലാം പുതിയതായി തുടങ്ങുകയാണ്. ഇനിയൊന്നുമില്ലായെന്നത് മനുഷ്യാന്വേഷണങ്ങളുടെ ഉപസംഹാരമാകുമ്പോൾ ജീവിതത്തിന്റെ ഏടുകളിലേക്ക് ക്രിസ്തു കടന്നു വരും, ഒന്നും തീർന്നിട്ടില്ല ഇനിയുമുണ്ട് എന്ന സന്ദേശവുമായി. ജീവിതത്തിൽ എല്ലാം അവസാനിച്ചുവെന്ന് ചിന്തിച്ച് ഉരുകി തീരാതെ പ്രതീക്ഷയോടെ കാത്തിരിക്കാൻ ഉയിർപ്പ് തിരുനാൾ നമ്മോട് ആഹ്വാനം ചെയ്യുന്നു. തിരുവചനത്തിലൂടെ കടന്നുപോകുമ്പോൾ നമുക്ക് കാണാൻ കഴിയും ഈശോയുടെ ജനനസമയത്തും ഉത്ഥാന വേളയിലും ദൂതന്മാർ നൽകുന്നത് പ്രതീക്ഷയുടെ സന്ദേശങ്ങളാണ് എന്ന്. ദൂതൻ അവരോട് പറഞ്ഞു. “ഇതാ സകല ജനത്തിനുവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു.” ലൂക്കാ 2:10 ജീവിച്ചിരിക്കുന്നവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്തിന്? അവൻ ഇവിടെയില്ല അവൻ ഉയിർപ്പിക്കപ്പെട്ടു. (ലൂക്കാ 24:5) ജനിക്കുമ്പോഴും മരിക്കുമ്പോഴും അവൻ പ്രതീക്ഷയാണ് ഈ പ്രപഞ്ചത്തിന് നൽകുന്നത്.

ദുഃഖവെള്ളിക്കും ഉയിർപ്പുഞായറിനും ഇടയിലൂടെ കണ്ണോടിക്കുമ്പോൾ നമുക്കു കാണാൻ കഴിയും എല്ലാം അവസാനിച്ചു എന്നു കരുതി പഴയ ജീവിതത്തിലേക്ക് തിരിച്ചു നടക്കുന്നവരെ അല്ലെങ്കിൽ എല്ലാം അവസാനിച്ചു എന്ന ചിന്തയിൽ നിരാശരായിരിക്കുന്നവരെ.

മൂന്ന് വർഷക്കാലം കൂടെ നടന്ന് അവന്റെ അത്ഭുത പ്രവർത്തികളും ജീവിതവും കാണുകയും അനുഭവിക്കുകയും ചെയ്ത പ്രിയ ശിഷ്യന്മാർ എല്ലാം അസ്തമിച്ചു എന്നാണ് ചിന്തിച്ചത്. അതുകൊണ്ടാണ് അവരിൽ ചിലർ പത്രോസിന്റെ നേതൃത്വത്തിൽ പഴയ ജോലിയായ മീൻ പിടിത്തത്തിലേക്ക് പോകുന്നത്. മറ്റ് രണ്ട് ശിഷ്യന്മാർ രക്ഷയുടെ ഭവനമായ ജറുസലെമിൽ നിന്ന് പ്രതീക്ഷയറ്റ മ്ലാനവദനരായി എമ്മാവൂസിലേക്ക് നടന്നു പോകുന്നു. തന്റെ പ്രവൃത്തി മൂലം എല്ലാം അവസാനിച്ചു. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടു. ഞാനെന്റെ ഗുരുവിനെ ഒറ്റിക്കൊടുത്തു. ഇനി ജീവിക്കുന്നതിൽ ഒരർത്ഥവുമില്ലെന്ന ചിന്തയിൽ യൂദാസ് സ്വയം മരണം

വരിച്ചു. ഈശോയുടെ എല്ലാ പ്രവർത്തികളും ഇതോടുകൂടി തീർന്നുവെന്ന് വിശ്വസിച്ച് ശവകുടീരത്തിൽ യഹൂദ പ്രമാണിമാർ കല്ലുരുട്ടി വച്ചു. തന്റെ പ്രിയ ഗുരു മരിച്ചു എന്ന ഉറപ്പിന്മേൽ മൃതശരീരത്തിൽ പൂശാൻ സുഗന്ധ കൂട്ടുമായി വരുന്ന മഗ്ദലനമറിയം; എല്ലാം തീർന്നു ഇനി എന്തു ചെയ്യും എന്ന് വിചാരിച്ച് ഭയപ്പാടോടെ മുറിയടച്ചിരിക്കുകയാണ് ശിഷ്യന്മാർ. ഇങ്ങനെ പ്രതീക്ഷ നഷ്ടപ്പെട്ടവരാണ് എല്ലാവരും. അങ്ങനെ പ്രതീക്ഷയും വിശ്വാസവും നഷ്ടപ്പെട്ടവരുടെ നടുവിലേക്കാണ് ക്രിസ്തു പ്രത്യക്ഷപ്പെടുന്നത്. അതോടെ അവർക്കെല്ലാം പ്രതീക്ഷയായി.

പുതുജീവിതത്തിന്റെ പ്രതീക്ഷയിലേക്ക് കടന്നുവരാനായി ഉത്ഥിതനായ ഈശോ തിബേരിയോസിന്റെ തീരത്ത് പ്രാതൽ ഒരുക്കി കാത്തിരിക്കുന്നു. ആശ നശിച്ച് എമ്മാവൂസിലേക്ക് തിരിഞ്ഞു നടക്കുന്ന തന്റെ ശിഷ്യന്മാരുടെ ഒപ്പം നടന്ന് അവർക്കു വചനവും അപ്പവും മുറിച്ചു നൽകി പ്രതീക്ഷയിലേക്കു അവരുടെ കണ്ണ് തുറപ്പിക്കുകയും ഹൃദയം ജ്വലിപ്പിക്കുകയും ചെയ്യുന്നു. എല്ലാത്തിന്റെയും അവസാനമായി തന്റെ ഗുരുവിന് തൈലം പൂശി അന്ത്യകർമ്മങ്ങൾ അർപ്പിക്കാൻ വരുന്ന മഗ്ദലന മറിയത്തിന്റെ മുമ്പിൽ സ്ത്രീയേ നിനക്ക് സമാധാനം എന്നു ആശംസിക്കുന്ന ക്രിസ്തു. കതകടച്ചിരുന്ന ശിഷ്യരുടെ മധ്യത്തിലേക്ക് സമാധാനാശംസയുമായി അവൻ കടന്നു ചെല്ലുന്നു. പ്രതീക്ഷയുടെ അനുഭവങ്ങളാണ് അവൻ ഓരോരുത്തർക്കും സമ്മാനിക്കുന്നത്.

നമുക്ക് നമ്മുടെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞ് നോക്കാം. വിശുദ്ധ കുർബാനയിലും മറ്റ് കൂദാശകളിലും ഭക്തിപൂർവ്വം പങ്കുചേരുമ്പോഴും ദൈവത്തോടും ദൈവാലയത്തോടും ചേർന്ന് നിൽക്കുമ്പോഴും ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികൾക്കു നടുവിൽ നമ്മളും എല്ലാം അവസാനിച്ചുവെന്ന് ചിന്തിച്ച് നിൽക്കാറുണ്ട്. പ്രതീക്ഷകൾ നഷ്ടപ്പെട്ട മനസ്സുമായി ഇനിയൊന്നുമില്ല, ജീവിതത്തിന്റെ സ്വപ്നങ്ങളും സന്തോഷങ്ങളുമൊക്കെ കൊഴിഞ്ഞുപോയി എന്ന് ചിന്തിക്കാറുണ്ട്. അപ്രതീക്ഷിതമായി കടന്നുവരുന്ന രോഗങ്ങൾ, ജീവിതത്തിലുണ്ടാകുന്ന പ്രതിസന്ധികൾ, പട്ടിണി, കുടുംബത്തിലെ അസ്വസ്ഥതകൾ, സാമ്പത്തിക ബാധ്യതകൾ തുടങ്ങിയ ഒട്ടനവധി സഹന വഴികൾക്കു മുമ്പിൽ പകച്ചു നിൽക്കാറുണ്ട്.

എന്നാൽ ഒന്ന് നാം മനസ്സിലാക്കണം. ഇതൊന്നും ജീവിതത്തിന്റെ അവസാനമല്ല. മറിച്ച് പുതിയൊരു ജീവിതത്തിന്റെ ആരംഭമാണ് എന്ന്. എന്റെ ജീവിതത്തിലുണ്ടാകുന്ന വേദനകളും ബുദ്ധിമുട്ടുകളും എന്റെയും മറ്റുള്ളവരുടെയും വിശുദ്ധീകരണത്തിനായി ദൈവം നൽകുന്നവയാണെന്നും സഹനങ്ങളെല്ലാം വരാൻ പോകുന്ന നല്ല നാളുകളുടെ

ആരംഭമാണെന്നും തിരിച്ചറിഞ്ഞ് പ്രതീക്ഷയോടെ നാം കാത്തിരിക്കണം.

ജീവിതത്തിൽ കണ്ട സ്വപ്നങ്ങൾ അസ്തമിച്ചു എന്നു കരുതി തിരിഞ്ഞു നടക്കുന്നവരുടെ മുമ്പിൽ ഇല്ല ഒന്നും അവസാനിച്ചിട്ടില്ല. തുടക്കം മാത്രമാണെന്ന് പറഞ്ഞുകൊണ്ട് ക്രിസ്തു ഉത്ഥാനം ചെയ്തു. ഈ ഉത്ഥിതനായവന്റെ മുറിവുകളോട് നമ്മുടെ പ്രതീക്ഷകളും വേദനകളും ചേർത്ത് വയ്ക്കാം. വഴിമുട്ടുന്ന ജീവിതങ്ങൾക്ക് വഴികാട്ടിയായി മരിച്ച് ഉയിർത്തവൻ നമുക്കൊപ്പം നടക്കുന്നുണ്ട്. കൂടെ നടക്കുന്ന അവന്റെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ് ജീവിതത്തിൽ സ്വപ്നങ്ങൾ കണ്ടു തുടങ്ങാം. അതിന് ഉയിർപ്പ് തിരുനാൾ നമ്മെ സഹായിക്കട്ടെ.

എല്ലാവർക്കും ഉത്ഥിനായ ക്രിസ്തുവിന്റെ ശാന്തിയും സമാധാനവും ദിവ്യമായ അനുഗ്രഹങ്ങളും സ്നേഹത്തോടെ ആശംസിക്കുന്നു.

സ്നേഹപൂർവ്വം
നിങ്ങളുടെ വികാരി അച്ചൻ
ഫാ. ജോർജ്ജ് വടക്കേൽ

## വാർഡ് വാർഷികങ്ങൾ

| വാർഡ് | തീയതി | ദിവസം | സ്ഥലം |
|---|---|---|---|
| 1 | 18.04.2026 | ശനി | സെന്റ് സെബാസ്റ്റ്യൻ ഹാൾ |
| 2 | 14.04.2026 | ചൊവ്വ | കാരികുന്നേൽ ഭവനാങ്കണം |
| 3 | 26.04.2026 | ഞായർ | നിർമ്മല പബ്ലിക് സ്കൂൾ |
| 4 | 19.04.2026 | ഞായർ | നിർമ്മല പബ്ലിക് സ്കൂൾ |
| 5 | | | |
| 6 | 26.04.2026 | ഞായർ | നിർമ്മല സദൻ |
| 7 | 18.04.2026 | ശനി | നിർമ്മല ജൂനിയർ പബ്ലിക് സ്കൂൾ |
| 8 | | | |
| 9 | 26.04.2026 | ഞായർ | സെന്റ് സെബാസ്റ്റ്യൻ ഹാൾ |
| 10 | 19.04.2026 | ഞായർ | സെന്റ് സെബാസ്റ്റ്യൻ ഹാൾ |

# വിശുദ്ധ കുരിശിന്റെ അടയാളത്തിൽ...

**ഓരോ തവണ പള്ളിയിൽ കയറുമ്പോഴും സന്ധ്യാപ്രാർത്ഥനാ നേരത്തും എത്ര തവണ കുരിശടയാളങ്ങൾ നെറ്റിയിൽ വരക്കുന്നവരാണ് നമ്മൾ. കുരിശു വരയ്ക്കുകയാണ് എന്ന് ഓർക്കുകപോലും ചെയ്യാതെ ഒരു യാന്ത്രിക പ്രവൃത്തിയായി അതങ്ങനെ നടന്നുപോരുന്നു. ഇപ്പോഴിതാ നെറ്റിയിൽ ചാരം കൊണ്ട് കുരിശ് വരച്ച്, കുരിശിന്റെവഴി ചൊല്ലി, കുരി ശും മുത്തി കടന്നുപോകുന്ന വലിയ നോമ്പിന്റെ ദിവസങ്ങളിലാണ് നാം.**

ഉറുമ്പും പ്രാവും തമ്മിലുള്ള സൗഹൃദത്തിന്റെയും, പരസ്പരസഹായ ത്തിന്റെയും ഈസോപ്പ് കഥയാണിത്.

ഒരു ദിവസം ദാഹം മാറ്റാൻ പുഴക്കരയിലെത്തിയ ഉറുമ്പ് അബദ്ധ ത്തിൽ വെള്ളത്തിൽ വീണു. ഒഴുക്കിൽപെട്ട് മുങ്ങാൻ തുടങ്ങിയ ഉറുമ്പ് സഹായത്തിനായി കരഞ്ഞു. മരത്തിലിരുന്ന പ്രാവ് ഇതുകണ്ട് ഒരു ഇല ഉറുമ്പിനടത്തേക്ക് ഇട്ടുകൊടുത്തു. ഉറുമ്പ് ആ ഇലയിൽ കയറി രക്ഷപ്പെട്ടു. ദിവസങ്ങൾക്കുശേഷം ഒരു വേട്ടക്കാരൻ പ്രാവിനെ അമ്പെയ്യാൻ ഉന്നം പിടിച്ചിരിക്കുന്നത് ഉറുമ്പ് കണ്ടു. അവൻ അയാളുടെ കാലിൽ ആഞ്ഞുകടിച്ചു. അമ്പ് ലക്ഷ്യം തെറ്റി. പ്രാവ് പറന്നു രക്ഷപ്പെട്ടു.

നോഹിന്റെ കാലത്ത് ജലപ്രളയമുണ്ടായി. യഹോവ പറഞ്ഞതനു സരിച്ച് നോഹ ഭൂമുഖത്തെ ജീവനുള്ളവയുടെ ഓരോ ജോഡിയെ ലൈഫ്ബോട്ടിൽ കയറ്റി. കൂടെ എട്ടു മനുഷ്യരെയും. പിന്നേം കുറേ വർഷങ്ങൾ കഴിഞ്ഞു. ക്രിസ്തു എന്നൊരു മനുഷ്യനെ കുറേപ്പേർ കൂടി കുരിശിൽ തറച്ചു. ചാവണേന് കുറച്ച് നേരം മുമ്പ് അദ്ദേഹം ഇങ്ങനെ പറഞ്ഞ് കരഞ്ഞു: എനിക്ക് ദാഹിക്കുന്നു. അല്പ നേരം കഴിഞ്ഞ് ഒരു പട്ടാളക്കാരൻ വന്ന് തന്റെ കയ്യിലിരുന്ന കുന്തം കൊണ്ട് ക്രിസ്തുവിന്റെ നെഞ്ചിൽ കുത്തി. അന്നേരം അവിടന്ന് ചോരേം നീരും ഒഴുകി. എനിക്ക് ദാഹിക്കുന്നു എന്നുപറഞ്ഞ മനുഷ്യന്റെ നെഞ്ചീന്നാണ് ജലമൊഴുകിയത്. അതൊരു നീർപ്രവാഹമായി. പിന്നെ പയ്യെ പയ്യെ മഹാപ്രളയമായി.

ഇത് നോഹയുടെ കാലത്ത് എട്ടുപേർ രക്ഷപ്പെട്ടതുപോലെ കുറച്ചുപേരെ മാത്രം രക്ഷപ്പെടുത്താനായിരുന്നില്ല. മുഴുവൻ മനുഷ്യരെയും രക്ഷപ്പെടുത്താനായിരുന്നു. നോഹയുടെ സമയത്തെ വെള്ളപ്പൊക്കം നാശകരമായിരുന്നെങ്കിൽ, ക്രിസ്തുവിന്റെ കുരിശാരോഹണ സമയത്തെ ജലപ്രവാഹം അനുഗ്രഹദായകമായിരുന്നു. ഇന്ന് നിലയില്ലാവെ ള്ളത്തിലെന്നപോലെ മനുഷ്യർ കരകാണാനാവാതെ തുഴഞ്ഞു കൊണ്ടേ യിരിക്കുന്നു. മനുഷ്യൻ അവന്റെ എണ്ണിയാലൊടുങ്ങാത്ത സങ്കടങ്ങളുടെ വെള്ളപ്പൊക്കത്തിലാണ്. പ്രിയപ്പെട്ടവരുടെ രോഗങ്ങൾ, മരണങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ, ജോലിയില്ലാത്ത അവസ്ഥ, ജോലി നഷ്ടമാകുന്ന സാഹചര്യം, പഠനത്തിൽ മുന്നേറാൻ കഴിയാതിരി ക്കുക, പരീക്ഷാ തോൽവികൾ, നടന്ന വിവാഹങ്ങൾ തകരുന്ന കോടതിമുറികൾ, സ്വത്തു തർക്കങ്ങൾ, ആത്മഹത്യകൾ, പ്രണയഭംഗങ്ങൾ, ദൈവവിളിയിലെ ചാഞ്ചാട്ടങ്ങൾ, മൊബൈൽ ഫോണിന്റെയും പോണിന്റെയും അമിത സ്വാധീനം, മക്കളും ചെറുമക്കളും അടുത്തില്ലാത്തതിന്റെ സങ്കടങ്ങൾ, അവസാനം കടുത്ത നിരാശയും ഏകാന്തതയും. ഇതിലേതെങ്കിലുമൊക്കെ നിലയില്ലാക്കയത്തിൽ മുങ്ങിത്താഴുന്നവനായിരിക്കും ഇത് വായിക്കുന്ന പ്രിയപ്പെട്ട ചങ്ങാതീ, നീ. അവിടേക്കാണ്, പ്രാവ് ഇലകൊത്തിയെടുത്ത് ഉറുമ്പിന് ഇട്ടുകൊടുത്തതുപോലെ കുരിശ് ഒരു രക്ഷാബോട്ടായി നമുക്കടുത്തേക്ക് ഒഴുകിയെത്തുന്നത്. കുരിശാണ് രക്ഷ, കുരിശിലാണ് രക്ഷ എന്ന 'ജലമർമ്മരം' നീ കേൾക്കാതെ പോകുന്നുണ്ടോ?

ഓരോ തവണ പള്ളിയിൽ കയറുമ്പോഴും സന്ധ്യാപ്രാർത്ഥനാ നേരത്തും എത്ര തവണ കുരിശടയാളങ്ങൾ നെറ്റിയിൽ വരക്കുന്നവരാണ് നമ്മൾ. കുരിശു വരയ്ക്കുകയാണ് എന്ന് ഓർക്കുകപോലും ചെയ്യാതെ ഒരു യാന്ത്രിക പ്രവൃത്തിയായി അതങ്ങനെ നടന്നുപോരുന്നു. ഇപ്പോഴിതാ നെറ്റിയിൽ ചാരം കൊണ്ട് കുരിശ് വരച്ച്, കുരിശിന്റെ വഴി ചൊല്ലി, കുരിശും മുത്തി കടന്നുപോകുന്ന വലിയ നോമ്പിന്റെ ദിവസങ്ങളിലാണ് നാം.

നോമ്പുകാലത്ത് കുരിശുവര കുറച്ചുകൂടെ ബോധപൂർവം ചെയ്യാനാകുമോ? ഇത് വളരെ ലളിതമാണ്. പക്ഷേ അത്ര എളുപ്പമല്ല. കുരിശ് നിർമ്മിക്കാൻ ഉപയോഗിച്ച മരം ഇങ്ങനെ പരാതിപ്പെട്ടു: എന്നെ

വെട്ടിയെടുത്ത് നിങ്ങൾ എത്ര കുരിശുകൾ നിർമ്മിച്ചു? എന്നിട്ടും എന്തേ നിങ്ങളിൽ നിന്ന് ഇനിയും ഒരു ക്രിസ്തു രൂപപ്പെട്ടില്ല! നമ്മുടെ ജീവിത പ്രാരാബ്ധങ്ങൾക്കിടയിലേക്ക്, നമുക്ക് രക്ഷയായി, ആശ്വാസമായി ഇട്ടു തരുന്ന കുരിശിനെ ആഞ്ഞു പിടിക്കാം. കുരിശിന്റെ മറുവശത്ത് ക്രിസ്തു ഉണ്ട്. ഇപ്പുറം എനിക്കുള്ളതാണ്. നമ്മൾ വരക്കുന്ന കുരിശുകൾ ചെറിയ ഒരു ക്രിസ്തുബോധം നമ്മിൽ രൂപപ്പെടുത്തട്ടെ. അതിനായി അല്പം കൂടെ ബോധത്തോടെ നമുക്ക് വരക്കാം:

വിശുദ്ധ കുരിശിന്റെ അടയാളത്തിൽ ഞങ്ങളു ടെ ശത്രുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിക്ക, ഞങ്ങളുടെ തമ്പുരാനെ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ!

(കടപ്പാട് - അസ്സീസി മാസിക)

## ആദ്യകുർബാന സ്വീകരണദിനം

**02.05.2026 (ശനി)**

6.10 a.m : വിശുദ്ധ കുർബാന

8.30 a.m : വിശുദ്ധ കുർബാന

## ബുള്ളറ്റിൻ അറിയിപ്പ്

സ്നേഹിതരേ, നമ്മുടെ ബുള്ളറ്റിന്റെ പ്രിന്റിംഗ് ചാർജ്ജ് 2026 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിക്കുന്നതിനാൽ പരസ്യങ്ങൾക്ക് ഈ മാസം മുതൽ നേരിയ വർദ്ധന വരുത്തുകയാണ്. തുടർന്നും എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

**പരസ്യനിരക്കുകൾ**

കവർപേജ്, പുറകുവശം, അരപേജ് - Rs.600, ഫുൾ പേജ് - Rs.1200

കവർപേജ് ഉൾവശം, അരപേജ് - Rs.500, ഫുൾപേജ് - Rs.1000

ബ്ലാക്ക് & വൈറ്റ് അരപേജ് - Rs.350, ഫുൾപേജ് - Rs.700

*വിശുദ്ധരുടെ പാതയിലൂടെ*

## വിശുദ്ധ ലെയോ ഒമ്പതാമൻ മാർപ്പാപ്പ

തീർത്ഥാടകനായ അപ്പസ്തോലിക്കായെന്നും സഞ്ചാരിയായ മാർപ്പാപ്പയെന്നും അറിയപ്പെടുന്ന ലെയോ ഒമ്പതാമൻ സഭയിലെ അഴിമതികൾക്കെതിരെ ധീരമായ നടപടികൾ സ്വീകരിച്ച പരിഷ്കർത്താവായിരുന്നു. ഇപ്പോൾ ഫ്രാൻസിന്റെ ഭാഗമായ "ആൽസെസ"എന്ന രാജ്യത്ത് 1002-ൽ ഒരു കുലീന കുടുംബത്തിലായിരുന്നു ലെയോയുടെ ജനനം. കൊൺറാഡ്' രണ്ടാമൻ ചക്രവർത്തിയുമായി അടുത്ത ബന്ധമുണ്ടായിരുന്നു, അദ്ദേഹത്തിന്റെ കുടുംബത്തിന്. അദ്ദേഹത്തിന്റെ ജ്ഞാനസ്നാനനാമം ബ്രൂണോ എന്നായിരുന്നു. ബാലനായ ബ്രൂണോ വിദ്യാഭ്യാസം നേടിയത് 'ടൂളി'ലെ മെത്രാൻ 'ബർത്തോൾഡി'ന്റെ കീഴിലായിരുന്നു. വിദ്യാഭ്യാസത്തിനുശേഷം 'ടൂളി'ലെ കത്തീഡ്രലിൽ കാനൻ പദവിയിൽ നിയമിക്കപ്പെട്ടു. അന്ന് ബ്രൂണോയ്ക്ക് 15 വയസ്സുമാത്രം പ്രായം. പിന്നീട് 25-ാമത്തെ വയസ്സിൽ 1027 സെപ്റ്റംബർ 9-ന് ടൂളിലെ മെത്രാനായി അഭിഷിക്തനായി. അവിടെ 20 കൊല്ലം സമർത്ഥമായി ഭരണം നടത്തി. വൈദികരുടെയും സന്യാസികളുടെയും ജീവിത നവീകരണമായിരുന്ന യുവാവായ മെത്രാന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. കാനോന നമസ്കാരവും ദൈവാലയ ഗാനങ്ങളും ഹൃദ്യമായും ഉചിതവുമായി ചൊല്ലുന്നതിനും അദ്ദേഹം ആദ്യന്തം നിഷ്കർഷിച്ചിരുന്നു. എളിമയുടെ പരിശീലനത്തിനായി അദ്ദേഹം ദിവസവും ഏതാനും ദരിദ്രരുടെ പാദങ്ങൾ കഴുകിയിരുന്നു. അദ്ദേഹത്തിന്റെ ജീവിതം തന്നെ നിരന്തരമായ പ്രായശ്ചിത്തമായിരുന്നു. ക്ഷമയും ശാന്തതയും കൊണ്ട് വൈരാഗ്യത്തെയും അസൂയയെയും വിജയിക്കാമെന്നായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസം. 'വേംസിൽ' നടന്ന പ്രതിനിധി സമ്മേളനത്തിൽ മാർപ്പാപ്പ സ്ഥാനത്തേയ്ക്ക് ബ്രൂണോയുടെ പേരു നിർദ്ദേശിക്കപ്പെട്ടപ്പോൾ അതിൽ നിന്ന് തന്നെ ഒഴിവാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. മൂന്നു ദിവസത്തെ പ്രാർത്ഥനയ്ക്കും ആലോചനയ്ക്കും ശേഷമാണ് അദ്ദേഹം ആ മഹനീയ പദവി സ്വീകരിക്കാൻ സമ്മതം മൂളിയത്.

താൻ മാർപ്പാപ്പ സ്ഥാനം ഏറ്റെടുക്കണമെങ്കിൽ റോമിലുള്ളവർ തന്നെ അംഗീകരിക്കണമെന്ന്, അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. 1027-ൽ 'കൊൺറാഡ്' ചക്രവർത്തി റോമാ സന്ദർശിച്ചപ്പോൾ അകമ്പടി പോയ കുതിരപ്പട്ടാളത്തിന്റെ തലവനായിരുന്നു ബ്രൂണോ. പിന്നീട് ഗ്രിഗറി ഏഴാമൻ മാർപ്പാപ്പയായ ഹിൽഡെ ബ്രാന്റിനെ ഉപദേഷ്ടാവായി കൂട്ടി അദ്ദേഹം റോമിലേക്കു പുറപ്പെട്ടു. കാലിൽ പാദരക്ഷപോലും ഇല്ലാതെ പരിപൂർണ്ണ സന്യാസിയായി റോമിൽ വന്നെത്തിയ ബ്രൂണോയെ ജനം താല്പര്യപൂർവ്വം സ്വീകരിച്ചു. അങ്ങനെ റോമാക്കാരും വൈദിക സംഘവും ഒത്തുചേർന്ന് അദ്ദേഹത്തെ നിയമപ്രകാരം മാർപ്പാപ്പ യായി തിരഞ്ഞെടുത്തു. ഭക്ഷണത്തിൽ വിഷബാധയേറ്റ് 1048-ൽ മരിച്ച 'ദമാസൂസ്' രണ്ടാമന്റെ പിൻഗാമിയായി 1049 ഫെബ്രുവരി 12-ന് ബ്രൂണോ ലെയോ 9-ാമൻ എന്ന പേരു സ്വീകരിച്ച് മാർപ്പാപ്പയായി.

മധ്യകാലത്തിലെ നവീകരണ സംരംഭങ്ങളുടെ ആദ്യത്തെ മാർപ്പാപ്പയായി അദ്ദേഹം ഭരണം നടത്തി. യൂറോപ്പിലെമ്പാടും അദ്ദേഹം യാത്ര ചെയ്തു. ജർമ്മനി, ഗോൾ, സ്പെയിൻ, ബ്രിട്ടൻ, ഫ്രാൻസ്, അയർലണ്ട് എന്നീ രാജ്യങ്ങളെല്ലാം അദ്ദേഹം സന്ദർശിച്ചു. അങ്ങനെയാണ് അദ്ദേഹം തീർത്ഥാടന മാർപ്പാപ്പയായത്. അദ്ദേഹം സൂനഹദോസ് വിളിച്ചു ചേർത്ത് അന്ന് നിലവിലുണ്ടായിരുന്ന പല അഴിമതികൾക്കുമെതിരായി ആഞ്ഞടിച്ചു. ആത്മീയമായ പലതും വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന സൈമണിയും വൈദിക പദവികളുടെ വില്പനയും അതിൽ അല്മായരുടെ അവകാശവും സഭാശുശ്രൂഷികളുടെ 'വെപ്പാട്ടി' സമ്പ്രദായവും അദ്ദേഹം നിർത്തലാക്കി.

ഫ്രാൻസിൽ നടന്ന ഒരു സൂനഹദോസിൽ ഇംഗ്ലണ്ടിൽ നിന്നുള്ള മെത്രാന്മാരും സന്യാസ ശ്രേഷ്ഠന്മാരും സംബന്ധിച്ചിരുന്നു. അവിടെ മാർപ്പാപ്പയായ ലെയോ ഒമ്പതാമനെ കാണാനും പ്രസംഗം കേൾക്കാനുമായി സ്പെയിനിൽ നിന്നും ബ്രിട്ടനിൽ നിന്നും സ്കോട്ട്ലണ്ടിൽ നിന്നും മെത്രാന്മാരും സഭാശ്രേഷ്ഠന്മാരും എത്തിയിരുന്നതായി സമ കാലികൻ പീറ്റർഡാമിയൻ രേഖപ്പെടുത്തിയിട്ടുണ്ട്. സ്കോട്ട്ലണ്ടിലെ രാജാവ് മാക്ബെത്തും റോമിൽ വന്ന് മാർപ്പാപ്പയെ കണ്ട് പാപമോചനം നേടി മടങ്ങി.

അദ്ദേഹത്തിന്റെ കാലത്ത് കുർബാനയിലെ വസ്തു മാറ്റത്തിനെതിരായി 'ബരെങ്കാറിയൂസ്' ഉയർത്തിയ പാഷണ്ഡതയെ അദ്ദേഹം ശപിച്ചു തള്ളി. വിശ്വാസ പ്രബോധകനെന്ന പേരിൽ പ്രസിദ്ധനായ എഡ്വേർഡ് രാജാവിനെ അദ്ദേഹം അഭിനന്ദിച്ചു. ഇദ്ദേഹമാണ് ഇംഗ്ലണ്ടിലെ പ്രസിദ്ധമായ വെസ്റ്റ് മിനിസ്റ്റർ ആബിയുടെ ശിൽപി. ഹംഗറിയുടെ രാജാവ് മാർപ്പാപ്പയെ അനുസരിച്ചാണ്, ഭരണം നടത്തിയിരുന്നത്. കോൺസ്റ്റാന്റിനോപ്പിളിലെ പാത്രീ യർക്കീസ് ലത്തീൻ സഭയെ നിരാകാരിച്ചു. ലത്തീൻ സഭ പാഷണ്ഡതയിലാണെന്ന് പ്രഖ്യാ പിച്ചു. ആ സഭയിലെ പള്ളികൾ അടച്ചുപൂട്ടി. കോൺസ്റ്റാന്റിൻ ചക്രവർത്തി ഇതു വിശ്വസിച്ചു. പൗരസ്ത്യ സഭകളുടെ വലിയ ഭിന്നതയും ശീശ്മയും ഇവിടെത്തുടങ്ങി. ലെയോ മാർപ്പാപ്പയ്ക്ക് ഇതു ഹൃദയഭേദകമായിരുന്നു.

അക്കാലത്ത് തെക്കൻ ഇറ്റലിയെ നോർമൻ വർഗ്ഗക്കാർ കൈവശപ്പെടുത്തിയിരുന്നു. അവരുടെ മുന്നേറ്റത്തെ ചെറുത്തു തോല്പിക്കാൻ മാർപ്പാപ്പ പട്ടാളത്തെ ഉപയോഗിച്ചുവെങ്കിലും പേപ്പൽ സൈന്യം പരാജയപ്പെട്ടു. മാർപ്പാപ്പ ബന്ധനസ്ഥനായി ജയിലിൽ കിടക്കേണ്ടിവന്നു. അവിടെ അദ്ദേഹം പ്രാർത്ഥനയിലും ഉപവാസത്തിലും കഴിഞ്ഞുകൂടി. രോമക്കുപ്പായം ധരിച്ച് വെറും നിലത്ത് കിടന്നുറങ്ങി – ഒരു കല്ല് തലയണയാക്കി. ഒമ്പതുമാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ അവർ ബഹുമാനപൂർവ്വം റോമിൽ തിരിച്ചെത്തിച്ചു. യുദ്ധത്തിൽ നിരവധി ജീവനുകൾ നഷ്ടപ്പെട്ടതിൽ മാർപ്പാപ്പ അതീവ ദുഃഖിതനായിരുന്നു. അതോടെ മാർപ്പാപ്പ ഒരു രോഗിയായി. 52 വയസ്സു മാത്രം ജീവിച്ചിട്ട് 1054 ഏപ്രിൽ 19 ന് ദിവംഗതനായി. വി.പത്രോസിന്റെ ബസിലിക്കയിൽ അന്ത്യവിശ്രമം കൊള്ളുന്നു. 1087–ൽ ലെയോ ഒമ്പതാമൻ മാർപ്പാപ്പ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

വിചിന്തനം: "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമായിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ" (വി.മത്തായി 25:34)

# ബൈബിൾ ക്വിസ്സ്



07

**ലോഗോസ് ക്വിസ് 26 സെപ്റ്റംബർ 27, 2026 (രജിസ്ട്രേഷൻ) – ജൂൺ 1, 2026 – ജൂലൈ 31, 2026**

26-ാം അഖില കേരള രൂപതാതല ലോഗോസ് ക്വിസ് 2026 സെപ്റ്റംബർ 27 ന് നടക്കുന്നു. പാഠഭാഗം -റൂത്ത് 1-4, സഭാ പ്രസംഗകൻ 1-6, വി.യോഹ 1-12, ഗലാത്തിയ 1-6, 1 സാമുവേൽ 1-7. ഇനിയുള്ള 15 ചോദ്യങ്ങൾ ഈ പാഠഭാഗങ്ങൾ അടിസ്ഥാനമാക്കിയും 5 ചോദ്യങ്ങൾ ബുള്ളറ്റിനിലെ ലേഖനങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണ്. 20-ാം തീയതിക്ക് മുമ്പായി ഉത്തരങ്ങൾ എഴുതി പള്ളിയുടെ മോണ്ടളത്തിൽ സ്ഥാപിച്ചിരിക്കുന്ന ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം നൽകുന്നവരിൽ നിന്നും നറുക്കെടുത്ത് 2 പേർക്ക് 100 രൂപ വീതവും മറ്റുള്ളവർക്ക് പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.

**ബബിൾ ക്വിസ് 7 ചോദ്യങ്ങൾ**

**സഭാ പ്രസംഗകൻ 4-6 അദ്ധ്യായങ്ങൾ**

**(ഉത്തരങ്ങൾ വലിയ (A 4 Size) പേപ്പറിൽ എഴുതുവാൻ ശ്രദ്ധിക്കുക)**

1. രണ്ടുപേരാണെങ്കിൽ ചെറുക്കാൻ കഴിയും; ..........വേഗം പൊട്ടുകയില്ല.
2. രണ്ടുപേർ ഒരാളെക്കാൾ മെച്ചമാണ് എന്ന് സഭാ പ്രസംഗകൻ പറയാൻ കാരണമെന്ത് ?
3. ............ ആണ് ഇരു കൈകളും നിറയെയുള്ള അധ്വാനത്തെക്കാളും പാഴ് വേലയെക്കാളും ഉത്തമം.
4. ജീവിച്ചിരിക്കുന്നവരെക്കാൾ ഭാഗ്യവാൻമാർ മരിച്ചുപോയവരാണെന്ന് ഞാൻ വിചാരിച്ചു. എന്നാൽ ഇരുകൂട്ടരെയുംകാൾ ഭാഗ്യവാന്മാർ ആരാണ് ?
5. ഉപദേശം നിരസിക്കുന്ന വിഡ്ഢിയും വൃദ്ധനുമായ രാജാവിനേക്കാൾ ഭേദം ആരാണ്?
6. തങ്ങൾ തിൻമയാണ് പ്രവർത്തിക്കുന്നതെന്ന് അറിയുന്നില്ലാത്തവർ ആര് ?
7. ആകുലതയേറുമ്പോൾ കൂടുന്നതെന്ത്?
8. ധനികന്റെ ഉറക്കം കെടുത്തുന്നത് എന്താണ് ?
9. പൊള്ളവാക്കുകൾ വർദ്ധിക്കുന്നതെപ്പോഴാണ് ?
10. സുഖനിദ്ര ലഭിക്കുന്നതാർക്കാണ് ?
11. ...........പോലെ കടന്നു പോകുന്ന ഈ വ്യർത്ഥമായ ഹ്വസ്വ ജീവിതത്തിൽ മനുഷ്യന് നൻമയായിട്ടുള്ളത് എന്തെന്ന് ആരറിയുന്നു ?
12. ഒന്നിനും കുറവുവരാത്തവിധം ദൈവം ഒരുവന് സമ്പത്തും ഐശ്വര്യവും കീർത്തിയും നൽകുന്നു. എന്നാൽ എന്താണ് ദൈവം അവനു നൽകാത്തത് ?
13. സങ്കൽപ്പങ്ങളിൽ അലയുന്നതിനെക്കാൾ നല്ലത് എന്താണ് ?
14. .................. ആണ് മനുഷ്യന്റെ അധ്വാനം മുഴുവൻ എങ്കിലും അവന് വിശപ്പടങ്ങുന്നില്ല.
15. വാക്കുകളുടെ പെരുപ്പം ............യുടെ പെരുപ്പം തന്നെ; മനുഷ്യന് ഇതിലെന്തു മേൻമ ?

16. കുരിശിന്റെ മറുവശത്ത് .................. ഉണ്ട്.
17. ജീവിതത്തിൽ എല്ലാം അവസാനിച്ചു എന്ന് ചിന്തിച്ച് ഉരുകി തീരാതെ പ്രതീക്ഷയോടെ കാത്തിരിക്കാൻ ............ തിരുനാൾ നമ്മോട് ആഹ്വാനം ചെയ്യുന്നു.
18. രക്ഷയുടെ ഭവനമായ ജറുസലേമിൽ നിന്ന്, പ്രതീക്ഷയറ്റ രണ്ടു ശിഷ്യന്മാർ എങ്ങോട്ടാണ് നടന്നു പോയത് ?
19. ലെയോ ഒമ്പതാമൻ മാർപ്പാപ്പയുടെ ജ്ഞാനസ്നാന നാമം എന്ത് ?
20. ഏത് മാർപ്പാപ്പയുടെ പിൻഗാമിയായിട്ടാണ് ലെയോ ഒമ്പതാമൻ തിരഞ്ഞെടുക്കപ്പെട്ടത്.

## ബൈബിൾ ക്വിസ് – 6 ശരിയുത്തരങ്ങൾ

1. കൊഹേലെത്ത്
2. മിഥ്യയാണ്
3. തലമുറകൾ
4. സോളമനിൽ
5. ജ്ഞാനത്തെയും അറിവിനെയും ഉൻമത്തതയെയും ഭോഷത്തത്തെയും
6. സൂര്യനു കീഴെ ഒരു നേട്ടവുമില്ലെന്ന് ബോധ്യപ്പെട്ടു
7. ദുഃഖവും വ്യസനവും
8. നിഷ്ഫലമാണെന്നും
9. ഭോഷൻ
10. ജ്ഞാനവും അറിവും ആനന്ദവും
11. അവിടുത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി ധനം ശേഖരിച്ചു കൂട്ടാനുള്ള ജോലി
12. 28
13. ശാശ്വതമാണെന്ന്
14. ന്യായപീഠത്തിൽ
15. മനുഷ്യമക്കൾ
16. മത്തിയാസ് ലോറൻസ്
17. സെലൂഷ്യയിൽ
18. പാപ്പാ ബാർ അഗ്ഗായി
19. റോമ നഗരം
20. അമ്പതു നോമ്പ് ഇരുപത്തഞ്ച് നോമ്പ്, പതിനഞ്ച് നോമ്പ്, എട്ടു നോമ്പ്, മൂന്ന് നോമ്പ്

## ബൈബിൾ ക്വിസ് – 6

### ആകെ പങ്കെടുത്തവർ 17 ശരിയുത്തരമെഴുതിയവർ 12

1. തെരേസ നെൽസൺ പഴയംപിള്ളിൽ
2. ഷൈനി ബേബി തെക്കേക്കുന്നേൽ
3. മോളി ജോൺ പാലാക്കാരൻ
4. തെരേസ ബേബി തെക്കേക്കുന്നേൽ
5. തങ്കച്ചൻ ചേരിയിൽ
6. ലിൻസി ബിജു ചുണ്ടങ്ങായിൽ
7. ജോസ് ജോസഫ് തലയ്ക്കൽ
8. ബെറ്റി ഷാജി പുത്തൻപുരയ്ക്കൽ
9. ലിസമ്മ ഐപ്പ് കല്ലിങ്കൽ
10. മേരി ജോർജ്ജ് മണ്ണൂർ
11. ജോൺസൺ വെണ്ടർമ്യാലിൽ
12. സുജ ജോൺസൺ വെണ്ടർമ്യാലിൽ

## ബൈബിൾ ക്വിസ് 6 സമ്മാനാർഹർ

1. ബെറ്റി ഷാജി പുത്തൻപുരക്കൽ
2. തെരേസ ബേബി തെക്കേക്കുന്നേൽ

# വാർഡ് വാർത്തകൾ

## ജന്മദിനാശംസകൾ

### വാർഡ് 1
### നിർമ്മല മാതാ

- സനൂപ് പുൽപ്പറമ്പിൽ
- അലൻ പേമലതുണ്ടത്തിൽ
- സാബു പുത്തൻകുടിയിൽ
- ത്രേസ്യക്കുട്ടി പുൽപറമ്പിൽ
- ആഷ്ലി ജോസ് സ്രായിൽ
- റോസ്മിൻ കാപ്പിൽ
- മിഥുൻ കല്ലുങ്കൽ

### വാർഡ് 2
### സെന്റ് ജോസഫ്

- നിഷ പനോക്കാരൻ
- കുര്യൻ പഞ്ഞിക്കാരൻ
- ജോസ് കണ്ടനാട്ട്
- അലൻ ചീരംകുഴിയിൽ

### വാർഡ് 3
### സെന്റ് മേരീസ്

- ജെസേ വർണ്ടലക്കുടിയിൽ
- അലക്സാണ്ടർ വെണ്ടർമാലിൽ
- ജോഹാൻ മടേയ്ക്കൽ
- നോയൽ വാഴയിൽ
- മേഴ്സി നായ്ക്കംപറമ്പിൽ

### വാർഡ് 4
### ഹോളി ഫാമിലി

- ബിബിൻ തോട്ടത്തിൽ
- ജോർജ്ജ് നെടുംതള്ളിൽ
- സിമ്മി ചെട്ടിശ്ശേരിൽ
- മരിയ സിമ്മി ചെട്ടിശ്ശേരിൽ
- ലീന ഞൂഴുമുറിയിൽ
- രെഹൻ പിട്ടാപ്പിള്ളിൽ
- ജോസഫ് തോമസ് ചേർക്കോട്ട്
- നവീൻ ബെന്നി പാലക്കോട്ടിൽ
- മരിയ തോമസ് നടാംകുഴിയിൽ

### വാർഡ് 5
### സെന്റ് ജോർജ്ജ്

- ആലീസ് ആക്കപ്പടിയ്ക്കൽ
- അനിൽ പൂനാട്ട്
- നവീൻ കിഴക്കേൽ
- സോബിൻ മെതിപ്പാറയിൽ
- ലിസി നടാംകുഴിയിൽ
- അൽഫോൻസ നോബി നടാംകുഴിയിൽ
- ജേക്കബ് നോബി നടാംകുഴിയിൽ
- സിബി മെതിപ്പാറയിൽ
- നിർമ്മല മെതിപ്പാറയിൽ
- സാലി മെതിപ്പാറയിൽ
- റ്റിയാന തിരുതാളിൽ
- റ്റെറിൻ തിരുതാളിൽ

വാർഡ് 6

## സെന്റ് ഫ്രാൻസിസ്

- ലിസി ഇല്ലിക്കാമുറിയിൽ
- വിനയ് ഇല്ലിക്കാമുറിയിൽ
- ആന്റണി കാരിക്കാപ്പറമ്പിൽ
- ആഷ്‌ലി കൊച്ചുപ്ലാക്കൽ
- ഫാ. ഫ്രാൻസിസ് പ്ലാക്കിൽ
- തോമസ് പൂനാട്ട്
- ജൂലിയ തോട്ടത്തിൽ
- ജോ ചുണ്ടങ്ങയിൽ
- ഏയ്ഞ്ചല പുളിമൂട്ടിൽ

വാർഡ് 7

## സെന്റ് പീറ്റേഴ്സ്

- മനേഷ് തെക്കെക്കുന്നേൽ
- സേറ തെക്കെക്കുന്നേൽ
- സൂസി നടുത്തോട്ടത്തിൽ
- അൽഫോൻസ് കല്ലുങ്കൽ
- റോസമ്മ പരുവംമൂട്ടിൽ
- സിജു നെടുംങ്ങാട്ട്
- എബിൻ തോട്ടുമാരിയിൽ
- മനീഷ നെടുങ്ങാട്ട്

വാർഡ് 8

## സെന്റ് അഗസ്റ്റിൻസ്

- ഷാജി പുത്തൻകുടിയിൽ
- ഷാജി മുണ്ടങ്ങാട്ടിൽ
- ബിജോ പാത്തംകുളമ്പേൽ
- അശ്വതി നെടുംപീടികയിൽ
- എൽസി കാളാംപറമ്പിൽ
- സേവ്യർ നെല്ലിപ്പിള്ളിൽ
- റാണി നെല്ലിപ്പിള്ളിൽ
- ഡോൺ നെല്ലിപ്പിള്ളിൽ
- അലീന ചിറാക്കുളങ്ങര
- ലിസ്മേരി നെല്ലിപ്പിള്ളിൽ
- ജോബി കൊല്ലായിക്കുടിയിൽ

വാർഡ് 9

## ഫാത്തിമ മാത

- എൽസി കണ്ണാടൻ
- ദിൽമോൾ പരവര
- പ്രകാശ് കോക്കാട്ട്
- എഡിസൺ കുരിശുംമൂട്ടിൽ
- ജോൺ നെടുംചാലിൽ
- ജോർജ്ജ് താണിമറ്റത്തിൽ
- സാമുവേൽ ആൽഫിൻ നെടുഞ്ചാലിൽ
- മോളി പാലാക്കാരൻ
- റിയ പാലാക്കാരൻ
- അനു കരക്കൊഴുപ്പിൽ
- സെഫാൻ ഊട്ടുകളത്തിൽ
- അക്കാമ്മ കൊല്ലായിക്കുടിയിൽ
- സെറിൻ ജോളി തോട്ടുങ്കൽ

വാർഡ് 10

## ക്രിസ്തുരാജ്

- അനുമോൾ കാക്കരുകുന്നേൽ
- ജോയൽ കുളങ്ങരതൊട്ടിയിൽ
- ബിജു കണിമംഗലം

# വിവാഹ വാർഷികം

**വാർഡ് 1**

**നിർമ്മല മാതാ**

- ✶ മാത്യു & തങ്കമ്മ കാക്കനാട്ട്

**വാർഡ് 2**

**സെന്റ് ജോസഫ്**

- ✶ ജോസഫ് & ആനി നടുത്തോട്ടത്തിൽ
- ✶ എബിൻ & അമല വടക്കേക്കര

**വാർഡ് 3**

**സെന്റ് മേരീസ്**

- ✶ ബേബി & മരിയ വെണ്ടർമ്യാലിൽ
- ✶ ജിജി & ബിന്ദു മഠത്തിൽ
- ✶ ജിയോ & കുക്കു വറങ്ങലക്കുടിയിൽ

**വാർഡ് 4**

**ഹോളി ഫാമിലി**

- ✶ ബേബി & റോസ്‌ലി തോട്ടത്തിൽ
- ✶ ബേബി & ഷൈനി തെക്കേക്കുന്നേൽ
- ✶ നെൽസൺ & തെരേസ പഴയംപിള്ളിൽ

**വാർഡ് 5**

**സെന്റ് ജോർജ്ജ്**

- ✶ ബെന്നി & സോഫിയ മെതിപ്പാറയിൽ

### വാർഡ് 6
## സെന്റ് ഫ്രാൻസിസ്

- ✶ സന്തോഷ് & റോസ്‌ലി കൊച്ചുവീട്ടിൽ
- ✶ അബ്രാഹം & ഏലിക്കുട്ടി കാട്ടുകുടിയിൽ
- ✶ ജോർജ്ജ് & കുഞ്ഞുമോൾപരുവംമൂട്ടിൽ

### വാർഡ് 7
## സെന്റ് പീറ്റേഴ്സ്

- ✶ ജേക്കബ് & സുമൻ കൊണ്ടാട്ടുപറമ്പിൽ
- ✶ ഹിലാരി & സിബി അമ്മച്ചിപ്പറമ്പിൽ
- ✶ ലൂക്കാ & ജെസ്സി തോട്ടുമാരിക്കൽ

### വാർഡ് 8
## സെന്റ് അഗസ്റ്റിൻസ്

- ✶ ബേബി & ലിസി പുത്തൻകുടിയിൽ
- ✶ ജോസഫ് & എൽസി കാളാംപറമ്പിൽ
- ✶ സേവ്യർ & റാണി നെല്ലിപ്പിള്ളിൽ
- ✶ ലിജോ & മഞ്ജു പാത്തംകുളമ്പേൽ

### വാർഡ് 9
## ഫാത്തിമ മാത

- ✶ ചാക്കോ & ലൂസി കുരിശുംമൂട്ടിൽ
- ✶ മാത്യു & ജിംസി ഊട്ടുകളത്തിൽ
- ✶ ബിനോയി & ജെസി പഞ്ഞിക്കുന്നേൽ

### വാർഡ് 10
## ക്രിസ്തുരാജ്

- ✶ ബാബു & മേരിക്കുട്ടി വെളിയന്നൂക്കാരൻ

# ദൈവാലയ വായനകൾ

## 2026 ഏപ്രിൽ

## ഉയിർപ്പ് കാലം

1 ബു
ഇന്നു മുതൽ വലിയ ശനിയാഴ്ച വരെ ത്രികാലജപം മിശിഹാ നമ്മെ പ്രതി...ചൊല്ലുന്നു.
ഉത്പ 45:3–15
ജറെ 20:7–13
2 കോറി 5:1–10
യോഹ 12:20–36

2 വ്യാ
**പെസഹാവ്യാഴം**
(പെസഹാവ്യാഴം കർമ്മക്രമം കാണുക)
പുറ 12:1–20
മലാഖി 1:10–14
1 കോറി 11:23–29
യോഹ 13:1–14+
മത്ത 26:26–30

3 വെ
**പീഢാനുഭവവെള്ളി**
ആദ്യവെള്ളി
(പീഢാനുഭവ വെള്ളി കർമ്മക്രമം കാണുക)
ഇന്ന് ഉപവാസദിനം
ഉത്പ 22:1–19
ഏശ 52:13–53–9
റോമ 5:6–16
ലൂക്കാ 22:63–23:12+
മത്താ 27:19+
ലൂക്കാ 23:13–23+
മത്താ 27:24–25+
ലൂക്കാ 23:24–45+
മത്താ 27:51–54+
യോഹ 19:23–30

4 ശ
**വലിയ ശനി**
(വലിയ ശനി കർമ്മക്രമം കാണുക)
ഇന്നു മുതൽ പന്തക്കുസ്താതിരുനാൾ വരെ ത്രികാലജപം സ്വർല്ലോകരാജ്ഞി ചൊല്ലുന്നു.
പുറ 17:3–7
യോന 12:1–10
റോമ 6:3–11
മത്ത 28:1–20

5 ഞാ
**ഉയിർപ്പുതിരുനാൾ**
എസെ 37:1–10
യോനാ 2:1–10
ശ്ലീഹ 2:22–28
യോഹ 20:1–10

6 തി
ജ്ഞാനം 6:12–19
ജറെ 31:10–14
1 കോറി 15:23–28
യോഹ 20:11–23

7 ചൊ
1 ദിന 22:7–13
സഖ 8:11–17
കൊളോ 1:15–22
യോഹ 14:25–31

8 ബു ഉത്പ 28:10-19
തോബി 12:15-22
ശ്ലീഹ 9:1-15
ലൂക്കാ 24:13-35

9 വ്യാ പുറ 33:7-11
ഏശ 40:27-31
വെളി 1:10-18
ലൂക്കാ 24:36-43

10 വെ **വേദസാക്ഷികളുടെ തിരുനാൾ** (സകല വിശുദ്ധരുടെയും തിരുനാൾ)
ദാനി 3:14-28
ശ്ലീഹ 6:8-15 + 7:54-60
ഹെബ്രാ 11:1-6, 32-39
ലൂക്കാ 12:1-9

11 ശ 2 കോറി 3:4-11
ലൂക്കാ 24:44-48

12 ഞാ ലേവ്യ 26:1-13
ഏശ 44:1-8
1 യോഹ 1:1-4
യോഹ 20:24-31

13 തി ഹെബ്രാ 10:19-25
മത്താ 8:1-4

14 ചൊ റോമാ 3:27-31
മത്താ 8:5-13

15 ബു റോമാ 4:13-25
മത്താ 9:18-26

16 വ്യാ റോമാ 5:1-5
മത്താ 15:21-28

17 വെ യാക്കോ 5:13-20
ലൂക്കാ 5:17-26

18 ശ ഗലാ 2:15-21
യോഹ 9:35-41

19 ഞാ പുറ 3:1-12
എസെ 34:20-26
എഫേ 4:7-16
യോഹ 21:15-19

20 തി 1 യോഹ 2:1-6
യോഹ 17:20-26

21 ചൊ 1 തിമോ 1:18-19, 2:1-7
ലൂക്കാ 22:24-32

22 ബു കൊളോ 3:12-17
ലൂക്കാ 1:46-56

23 വ്യാ എഫേ 6:1-9
മത്താ 20:17-28

24 വെ 2 തിമോ 2:22-26
മത്താ 24:45-51
**വിശുദ്ധ ഗീവർഗ്ഗീസ്**
ദാനി 6:12-25
ശ്ലീഹ 12:1-5
2 കോറി 12:1-10
മത്താ 10:37-42

25 ശ വെളി 3:15-22
യോഹ 10:14-16, 22-30
**വിശുദ്ധ മർക്കോസ് സുവിശേഷകൻ**
ഉത്പ 41:39-45
എസെ 1:10-14
2 തിമോ 4:6-18
മർക്കോ 16:15-20

26 ഞാ ജോഷ്വാ 1:1-9
2 ദിന 15:1-7
2 കോറി 13:5-10
മത്താ 28:16-20

27 തി വെളി 21:1-7
യോഹ 14:15-24

28 ചൊ 1 കോറി 3:18-23
മർക്കോ 3:13-19

29 ബു ഫിലി 1:21-25
യോഹ 1:35-42
**സിയന്നായിലെ വിശുദ്ധ കത്രീന**
1 യോഹ 1:5-2:2
മത്താ 11:25-30

30 വ്യാ കൊളോ 1:24-29
യോഹ 6:52-59

**2026 മെയ്**

1 വെ **ആദ്യവെള്ളി**
2 കോറി 5:14-20
യോഹ 3:1-12
**തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പ്**
ഉത്പ 3:17-19, 23-24
ജ്ഞാനം 9:10-18
കൊളോ 3:14-17
മത്താ 13:53-58

2 ശ റോമ 11:25-32
മത്താ 18:10-14
**വിശുദ്ധ അത്തനേഷ്യസ്**
2 സാമു 22:1-7
പ്രഭാ 45:1-5
2 കോറി 4:5-14
മത്താ 10:23-28
**വി.പീലിപ്പോസ്, വി. യാക്കോബ് ശ്ലീഹന്മാർ**
പുറ 15:1-6
ജ്ഞാനം 5:1-7
1 കോറി 9:16-23
യോഹ 14:1-6


3 ഞാ പുറ 4:27-31
തോബി 5:1-10, 17-23
ശ്ലീഹ 12:24-13:3
ലൂക്ക 10:1-12

| **വിശുദ്ധ ഗ്രന്ഥവായനകൾ** | | | |
|---|---|---|---|
| തീയതി | സമയം | പഴയനിയമം | ലേഖനം |
| 12.04.2026 | 5.30 am | ജോസ് തലയ്ക്കൽ | ജയിംസ് വടക്കേൽ |
| | 7.00 am | സെലിൻ കണ്ണിക്കാട്ട് | തങ്കച്ചൻ ചേരിയിൽ |
| 19.04.2026 | 5.30 am | ജോസഫ് പീച്ചാട്ട് | ജോസ് വെണ്ടർമ്യാലിൽ |
| | 7.00 am | റോസ്മി ചെറായിൽ | മാത്യു ഊട്ടുകുളം |
| 26.04.2026 | 5.30 am | ജോർജ്ജ് തെക്കുംപുറം | ജോൺസൺ വെണ്ടർമ്യാലിൽ |
| | 7.00 am | ജിംസി ഊട്ടുകുളം | ഷെഫി നടുത്തോട്ടത്തിൽ |
| 03.05.2026 | 5.30 am | ജെയിംസ് വടക്കേൽ | ജോസഫ് പീച്ചാട്ട് |
| | 7.00 am | റോസ്മി ചെറായിൽ | തങ്കച്ചൻ ചേരിയിൽ |

## സ്നേഹ സ്മരണയ്ക്ക്

**16-04-2026**

**8-ാം ചരമവാർഷികം**




# കുര്യൻ പൈലി

**മെതിപ്പാറയിൽ**

## സ്നേഹ സ്മരണയ്ക്ക്

**02-04-2026**

**11-ാം ചരമവാർഷികം.**



# ഏലിക്കുട്ടി ജോസഫ്

**പുതുശ്ശേരി**

## മൂവാറ്റുപുഴ നിർമ്മലമാതാ പള്ളിയിൽ

# വി. ഗീവർഗീസിന്റെ തിരുനാൾ

### 2026 ഏപ്രിൽ 26 ഞായർ



സ്നേഹിതരേ,

ക്രൈസ്തവസഭയുടെ ആരംഭ നൂറ്റാണ്ടു മുതൽ ക്രൈസ്തവ വിശ്വാസത്തിന്റെ പ്രതീകമായി നിലകൊള്ളുന്ന മഹാരക്തസാക്ഷിയാണ് വി. ഗീവറുഗീസ്. വിശ്വാസ തീക്ഷ്ണതയിൽ ജ്വലിച്ചു നിന്ന് രക്തസാക്ഷിത്വം വരിച്ച് സഭാ മക്കൾക്ക് ഉത്തമ മാതൃകയായിതീർന്ന വിശുദ്ധനെഅനുസ്മരിക്കുന്ന ഈ ദിവസം നമുക്ക് അനുഗ്രഹത്തിന്റെ ദിനമാക്കിമാറ്റാം. ഇടവകാംഗങ്ങളായ എല്ലാ ജോർജ്ജ് നാമധാരികൾക്കും തിരുനാൾ ആശംസകൾ പ്രാർത്ഥനാപൂർവ്വം നേരുന്നു.

സ്നേഹപൂർവ്വം,

*കൈക്കാരന്മാർ*
**ജെയിംസ് വടക്കേൽ**
**ജോൺസൺ വെണ്ടർമ്യാലിൽ**

*വികാരി*
**ഫാ. ജോർജ്ജ് വടക്കേൽ**

### തിരുനാൾ തിരുക്കർമ്മങ്ങൾ

| | | |
|---|---|---|
| 6.15 | am | തിരുസ്വരൂപ പ്രതിഷ്ഠ, ലദീഞ്ഞ് |
| 6.30 | am | വി. കുർബ്ബാന |
| 7.45 | am | കോഴി ലേലം |
| 9.30 | am | വി. കുർബ്ബാന |

NB: തിരുനാളിൽ പങ്കുചേരാനാഗ്രഹിക്കുന്നവർക്ക് 250 രൂപ വീതം ഏൽപിച്ച് പ്രസുദേന്തിമാരാകാൻ അവസരമുണ്ടായിരിക്കും.